(എച്ച്) ഭൂപരിഷ്കരണ നിയമ പ്രകാരം ദേശീയ ഭൂമിയായി ഭൂമി യൊന്നും പ്രഖ്യാപിച്ചിട്ടില്ല.

(ഐ) അനൗദ്യോഗിക അംഗങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീ കരിച്ചിട്ടുള്ള താലൂക്ക് ലാന്റ് ബോർഡുകളുടെ നിയന്ത്രണത്തിലാണ് മിച്ചഭൂമി ഏറ്റെടുക്കലും വിതരണവും ഈ പ്രക്രിയയുടെ ചുമതല തദ്ദേശ സ്ഥാപന ങ്ങളെ ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

60 (584) ചടയമംഗലം മണ്ഡലത്തിലെ പട്ടയം ലഭിച്ചവരുടെ കണക്ക്

ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി എത്രപേർക്ക് പട്ടയം നൽകി യിട്ടുണ്ട്; അവരുടെ പേരുവിവരവും വസ്തുവിന്റെ വിവരവും വിശദമാക്കുമോ;

(ബി) മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം നൽകാനുള്ള എത്ര അപേക്ഷകളുണ്ടെന്നും ഇവയിൽ നടപടി പൂർത്തിയായവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അടിയന്തിരമായി തീർപ്പു കല്പിച്ച് എപ്പോൾ പട്ടയം നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളി ലായി 322 പേർക്ക് 26.41.40 ഹെക്ടർ സ്ഥലത്തായി പട്ടയം നൽകിയിട്ടുണ്ട്. പട്ടയം ലഭിച്ചവരുടെ പേരുവിവരവും വസ്തുവിന്റെ വിവരവും പിന്നാലെ അറി യിക്കുന്നതാണ്.

(ബി) പട്ടയം നൽകാനുള്ള അപേക്ഷകളുടെ എണ്ണം 180 ഉം നടപടി പൂർത്തിയായവരുടെ എണ്ണം 30 ഉം ആണ്.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ, പട്ടയം നൽകുന്നതിനായി അടി യന്തിര നടപടി സ്വീകരിച്ചു വരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

61 (585) അബ്കാരി ലേലത്തിൽ പങ്കെടുക്കുന്നവർക്കു വേണ്ടി യുള്ള സോൾവൻസി സർട്ടിഫിക്കറ്റ്

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി ലേലത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി യഥാർത്ഥ വസ്തുവിലയേക്കാൾ കൂടുതൽ കാണിച്ച് റവന്യൂ ഉദ്യാഗസ്ഥന്മാർ സോൾവൻസി സർട്ടിഫിക്കറ്റ് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly